നം. എൻ.ഇ.പി (3)/..66540/09 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം

തീയതി: 03.05.2010

**സർക്കുലർ**

**വിഷയം :- പൊതവിദ്യാഭ്യാസം - 2010-11 അധ്യയനവർഷത്തെ ഐ സി ടി പരിശീലനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

വിദ്യാഭ്യാസ മേഖലയിൽ വിവരവിനിമയ സാങ്കേതികവിദ്യയുടെ (ഐ സി ടി) ഉപയോഗം ഗുണപരമായ ധാരാളം മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുകയാണ്. ഇത് പൂർണ്ണതയിൽ എത്തിക്കുന്നതിന് അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ഭരണനിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങി വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന മുഴുവൻ ആളുകളേയും വിവരവിനിമയ സാങ്കേതികവിദ്യയിൽ പ്രാവിണ്യമുള്ളവരാക്കേണ്ടതുണ്ട്. ഐ.ടി@സ്കൂൾ പ്രോജക്റ്റിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസരംഗത്ത് ഈ വർഷം നടത്തുന്ന ഐ.സി.ടി പരിശീലന പരിപാടികൾ, അവയുടെ സമയക്രമം, ഉപയോഗിക്കേണ്ട മൊഡ്യൂൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ജില്ലകളിൽ നടപ്പിലാക്കേണ്ട വിവിധപരിശീലനങ്ങൾ, ഐ സി ടി അധിഷ്ഠിത പ്രവർത്തനങ്ങൾ എന്നിവ ഈ നിർദ്ദേശങ്ങൾക്കനുസൃതമായി സമയയക്രമം പാലിച്ചുകൊണ്ട് സംഘടിപ്പിക്കുന്നതിന് ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പരിശീലന പരിപാടി സംബന്ധിച്ച് താഴെപ്പറയുന്ന പൊതു മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

<u>പൊതു നിർദ്ദേശങ്ങൾ</u>

1. ഐ.ടി@സ്കൂൾ പ്രോജക്റ്റ് അംഗീകരിച്ച മൊഡ്യൂൾ മാത്രം ഉപയോഗിച്ചായിരിക്കണം എല്ല പരിശീലനവും നടത്തേണ്ടത്.
2. പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായിട്ടായിരിക്കണം എല്ലാ പരിശീലനവും നടത്തേണ്ടത്.
3. ഓരോ പരിശീലനത്തിനും ശേഷം പരിശീലനത്തിൽ പങ്കെടുത്തവരുടെ എണ്ണം,പരിശീലനം സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയവ അനുബന്ധം രണ്ടിൽ നിർദ്ദേശിച്ചിരിക്കുന്ന മാതൃകയിൽ തയ്യാറാക്കി ഐ ടി @സ്കൂൾ പ്രോജക്റ്റിന്റെ ജില്ലാ ഓഫീസിൽ സൂക്ഷിക്കേണ്ടതും ആയതിന്റെ സംക്ഷിപ്ത രൂപം അനുബന്ധം 3 ന്റെ മാതൃകയിൽ ഓൺലൈനായി സംസ്ഥാന പ്രോജക്റ്റ് ഓഫീസ്, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് എന്നിവിടങ്ങളിലേക്ക് നൽകേണ്ടതുമാണ്.

4. ഒരു കേന്ദ്രത്തിൽ പരമാവധി 30 പഠിതാക്കൾക്ക് പരിശീലനം നൽകുന്ന വിധത്തിലായിരിക്കണം പരിശീലന കേന്ദ്രങ്ങൾ ക്രമീകരിക്കേണ്ടത്.

5. പത്ത് പഠിതാക്കൾക്ക് ഒരു പരിശീലകൻ എന്ന ക്രമത്തിലായിരിക്കണം പരിശീലകരെ നിയോഗിക്കേണ്ടത്.

6. പരിശീലന കേന്ദ്രങ്ങളായി ഐ.ടി@സ്കൂളിന്റെ ജില്ലാ റിസോഴ്സ് കേന്ദ്രങ്ങൾ, റീജിയണൽ റിസോഴ്സ് സെന്റർ, സ്കൂൾ കമ്പ്യൂട്ടർ ലാബുകൾ എന്നിവ ഉപയോഗപ്പെടുത്തേണ്ടതാണ്.

7. പരിശീലനത്തിനാവശ്യമായ കമ്പ്യൂട്ടർ ലാബുകൾ ലഭ്യമല്ലെങ്കിൽ സ്കൂളുകൾക്കു വിതരണം ചെയ്ത ലാപ്ടോപ്പുകൾ ശേഖരിച്ച് അനുയോജ്യമായ സ്കൂളുകളിൽ താൽക്കാലികമായി കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് പരിശീലനം നടത്തേണ്ടതാണ്.

8. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർമാർ, ഹയർ സെക്കണ്ടറി പ്രിൻസിപ്പൾമാർ, ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർ, വിദ്യാഭ്യാസ ഓഫീസുകളിലെ സൂപ്പർവൈസറി തസ്തികകളിലുള്ളവർ എന്നിവർക്ക് പരിശീലനം നൽകുമ്പോൾ ഒരാൾക്ക് ഒരു കമ്പ്യൂട്ടർ എന്ന നിലയിൽ പരിശീലന കേന്ദ്രം സജ്ജീകരിക്കേണ്ടതാണ്.

9. അദ്ധ്യാപകർ, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ, കുട്ടികൾ എന്നിവരുടെ പരിശീലനത്തിന് രണ്ടു പഠിതാക്കൾക്ക് ഒരു കമ്പ്യൂട്ടർ എന്ന നിലയിൽ പരിശീലനകേന്ദ്രം സജ്ജീകരിക്കേണ്ടതാണ്.

10. ഐ ടി @സ്കൂൾ മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ പരിശിലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്.

11. രണ്ടു ഘട്ടങ്ങളിലായി പൂർത്തിയാക്കുന്ന പരിശീലനത്തിന് രണ്ടാംഘട്ട പരീശീലനം പൂർത്തിയായശേഷം ഓണറേറിയവും വൈദ്യുതിചാർജും അനുവദിക്കുന്നതാണ്.

12. ഓരോ പരിശീലനവും അനുബന്ധം 1 ൽ നിർദ്ദേശിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ പൂർത്തിയാക്കേണ്ടതാണ്.

13. ഓരോ പരിശീലനത്തിന്റേയും അവസാനം പരിശീനത്തെ സംബന്ധിച്ച പഠിതാക്കളുടെ ഫീഡ്ബാക്ക്, പരിശീലനം സംബന്ധിച്ച സമഗ്രറിപ്പോർട്ട് തുടങ്ങിയവ ജില്ലയിലെ എല്ലാ പരിശീലന കേന്ദ്രങ്ങളിൽ നിന്നും ഓൺലൈനായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

14. ഐ സി ടി പരിശീലനങ്ങളുടെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ഐ.ടി@സ്കൂൾ ജില്ലാകോർഡിനേറ്റർ പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്.

15. പരിശീലന കേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്ന കമ്പ്യൂട്ടർ ലാബുകളുടെ പ്രവർത്തന ക്ഷമത പരിശീലനദിവസത്തിന് മുമ്പ്തന്നെ അവിടേക്കു നിയോഗിച്ചിരിക്കുന്ന പരി ശീലകർ നേരിട്ടു പരിശോധന നടത്തി ഉറപ്പു വരുത്തേണ്ടതാണ്.

16. പരിശീലകർ പരിശീലനം ആരംഭിക്കുന്നതിന് അരമണിക്കൂർമുൻപ് പരിശീലന കേന്ദ്രത്തിൽ എത്തിയിരിക്കേണ്ടതാണ്: പരിശീലനം അവസാനിച്ച് എല്ലാ പഠിതാ ക്കളും പരിശീലന കേന്ദ്രത്തിൽ നിന്നും പോയതിനു ശേഷം മാത്രമേ പരിശീലകർ പരിശീലനകേന്ദ്രം വിട്ടു പോകാവൂ

17. വൈദ്യുതിതടസ്സം മൂലമോ മറ്റുസാങ്കേതിക കാരണങ്ങളാലോ പരിശീലനം തടസ്സ പ്പെട്ടാൽ അത്രയും സമയം അധികമായി കണ്ടെത്തി പരിശീലനം പൂർത്തീകരി ക്കേണ്ടതാണ്.

18. അദ്ധ്യാപകർ, ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർ, പ്രധാന അദ്ധ്യാപകർ എന്നിവ രുടെ പരിശീലനം ലാപ്ടോപ്പ് കമ്പ്യൂട്ടർ ഉപയോഗിച്ചു നടത്തുന്നതായിരിക്കും അഭി കാമ്യം.

19. പരിശീലനത്തിന് എത്തുന്ന അദ്ധ്യാപകർക്ക് പ്രതിദിനം 75/- രൂപാ നിരക്കിലും (അൺ എയ്ഡഡ് സ്കൂളിലെ അധ്യാപകർക്കൊഴികെ) പരിശീലകർക്ക് പ്രതിദിനം 100/- രൂപാ നിരക്കിലും ഓണറേറിയം നൽകുന്നതാണ്.

20. പരിശീലന കേന്ദ്രങ്ങളായി തിരഞ്ഞെടുക്കുന്ന സ്കൂളുകൾക്ക് പ്രതിദിനം 100/- രൂപാ നിരക്കിൽ വൈദ്യൂതി ചാർജ്ജ് നൽകുന്നതാണ്.

3/5/2011

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
ഡയറക്ടർ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ
എല്ലാ ഡി.ഡി.ഇ / ഡി.ഇ.ഒ മാർക്കും
ഐ.ടി@സ്കൂൾ പ്രോജക്ടിലെ എല്ലാ ജില്ലാ കോർഡിനേറ്റർമാർ/
മാസ്റ്റർട്രയിനർ കോർഡിനേറ്റർ/മാസ്റ്റർട്രയിനർമാർക്കും
സ്റ്റോക്ക് ഫയൽ

# അനുബന്ധം 1

| ക്രമനമ്പർ | പരിശീലന ദൈർഘ്യം | ഉപയോഗിക്കേണ്ട മൊഡ്യൂൾ | പരിശീലനം നടത്തേണ്ട കാലയളവ് | പരിശീലകർ | പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ | മോണിറ്ററിംഗ് ചുമതല |
|---|---|---|---|---|---|---|
| | **2010 -2011 അദ്ധ്യയനവർഷത്തെ ഐ സി ടി പരിശീലനങ്ങൾ** | | | | | |
| 1 | **1. ഹൈസ്കൂൾ അദ്ധ്യാപകർക്കുള്ള പ്രാഥമിക ഐ ടി പരിശീലനം** | | | | | |
| | 6 ദിവസം | ഹൈസ്കൂൾ അദ്ധ്യാപക ഐ സി ടി അടിസ്ഥാന പരിശീലന മൊഡ്യൂൾ. | 2010 മെയ് 24 മുതൽ 2010 ജൂൺ 30 വരെ | തെരഞ്ഞെടുത്ത സ്കൂൾ ഐ ടി കോർഡിനേറ്റർമാർ | • നാളിതുവരെ പരിശീലനം ലഭിക്കാത്തവർ<br>• പുതിയതായി ജോലിയിൽ പ്രവേശിച്ചവർ | ജില്ലാ വിദ്യാഭ്യാസ ഓഫീസർ |
| 2 | **2. എട്ടാം ക്ലാസിലെ പരിഷ്കരിച്ച ഐ സി ടി പാഠപുസ്തക പരിശീലനം** | | | | | |
| | 6 ദിവസം<br>*(4 ദിവസം- പാഠപുസ്തകത്തിന്റെ പൊതുസമീപനം. 2 ദിവസം- വിഷയബന്ധിതപരിശീലനം)* | ഐ സി ടി സ്റ്റാന്റേർഡ് 8 പാഠപുസ്തക പരിശീലന മൊഡ്യൂൾ | പരിശീലനം 2010 ജൂൺ 30 ന് മുൻപ് പൂർത്തിയാക്കണം | എസ്.ഐ.ടി.സി<br>*(ആർ.പി പരിശീലനം* 15.05.2010 *നു മുൻപ്)* | • എട്ടാം ക്ലാസിന്റെ ചുമതലയുള്ള അദ്ധ്യാപകർ<br>• എട്ടാംക്ലാസിൽ ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഊർജ്ജതന്ത്രം, രസതന്ത്രം, ജീവശാസ്ത്രം, ഇംഗ്ലീഷ്, മലയാളം, എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർ. | ജില്ലാ വിദ്യാഭ്യാസ ഓഫീസർ |
| 3 | **3. ബി ആർ സി പരിശീലകർക്കുള്ള പരിശീലനം** | | | | | |
| | 6 ദിവസം | ബി ആർ സി പരിശീലകർക്കുള്ള ഐ സി ടി പരിശീലന മൊഡ്യൂൾ | 2010 ഏപ്രിൽ 30 ന് മുൻപ് | എം.ടി/ എസ്.ഐ.ടി.സി | ബി.ആർ.സി ട്രയിനർ | ഡി.പി.ഒ / ജില്ലാ കോർഡിനേറ്റർ (ഐ.ടി.എസ്) |
| 4 | **4. അപ്പർ പ്രൈമറി അദ്ധ്യാപകർക്കുള്ള പരിശീലനം** | | | | | |
| | 6 ദിവസം | പ്രൈമറി അദ്ധ്യാപക പരിശീലന മൊഡ്യൂൾ റിസോഴ്സ് സി ഡി | 2010 ജൂൺ 30 ന് മുൻപ് | ബി.ആർ.സി ട്രയിനർ/ എസ്.ഐ.ടി.സി | ഇതുവരെ പരിശീലനം ലഭിക്കാത്ത അപ്പർ പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് | ഡി.പി.ഒ /എ.ഇ.ഒ/ ബി.പി.ഒ |

| ക്രമനമ്പർ | പരിശീലന ദൈർഘ്യം | ഉപയോഗിക്കേണ്ട മൊഡ്യൂൾ | പരിശീലനം നടത്തേണ്ട കാലയളവ് | പരിശീലകർ | പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ | മോണിറ്ററിംഗ് ചുമതല |
|---|---|---|---|---|---|---|
| 5 | **5. ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർക്കുള്ള പരിശീലനം** | | | | | |
| | 5 ദിവസം (3 ദിവസം- അടിസ്താന പരിശീലനം 2 ദിവസം- ഇന്റർനെറ്റ് പരിശീലനം) | ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ ഐ സി ടി പരിശീലന മൊഡ്യൂൾ | ഒന്നാം ഘട്ടം- 2010 മെയ് 31 ന് മുൻപ്. രണ്ടാം ഘട്ടം- 2010 ജൂലൈ 31 ന് മുൻപ്. | എം.ടി/ എസ്.ഐ.ടി.സി | ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാർ | റീജിയണൽ ഡയറക്ടർ / ജില്ലാ കോർഡിനേറ്റർ (എച്ച്.എസ്.എസ്) |
| 6 | **6. ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കുള്ള പരിശീലനം** | | | | | |
| | 6 ദിവസം | ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കുള്ള ഐ സി ടി പരിശീലന മൊഡ്യൂൾ | 2010 മെയ് മൂന്നാ വാരം മുതൽ | എം.ടി/ എസ്.ഐ.ടി.സി | ഹയർ സെക്കണ്ടറി അദ്ധ്യാപകർ | റീജിയണൽ ഡയറക്ടർ / ജില്ലാ കോർഡിനേറ്റർ (എച്ച്.എസ്.എസ്) |
| 7 | **7. പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്കുള്ള ഐ ടി അടിസ്ഥാന പരിശീലനം** | | | | | |
| | 5 ദിവസം | മിനിസ്റ്റീരിയൽ ജീവനക്കാർക്കുള്ള ഐ ടി പരിശീലനമൊഡ്യൂൾ | 2010 ഏപ്രിൽ 2010 ജൂലൈ, ആഗസ്റ്റ് | എം.ടി/ എസ്.ഐ.ടി.സി | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് | ഡി.ഡി.ഇ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് -ഡ.ഡി. ഇ. |

| ക്രമനമ്പർ | പരിശീലന ദൈർഘ്യം | ഉപയോഗിക്കേണ്ട മൊഡ്യൂൾ | പരിശീലനം നടത്തേണ്ട കാലയളവ് | പരിശീലകർ | പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ | മോണിറ്ററിംഗ് ചുമതല |
|---|---|---|---|---|---|---|
| 8 | **8. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർ, എന്നിവർക്കുള്ള പ്രത്യേക ഐ.ടി പരിശീലനം** | | | | | |
| | 6 ദിവസം<br>3 ദിവസം- അടിസ്താന പരിശീലനം 3 ദിവസം- ഐ.സി.ടി/ ഇൻ്റർനെറ്റ് പരിശീലനം | മിനിസ്റ്റീരിയൽ ജീവനക്കാർക്കുള്ള ഐ ടി പരിശീലനമൊഡ്യൂൾ | ഒന്നാം ഘട്ടം 2010 ജൂലൈ അവസാന വാരം രണ്ടാം ഘട്ടം 2010 ആഗസ്റ്റ് ആദ്യവാരം | എം.ടി/ എസ്.ഐ.ടി.സി | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർ | ഡി.ഡി.ഇ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻ്റ് -ഡ.ഡി. ഇ. |
| 9 | **9. വിദ്യാഭ്യാസഉപഡയറക്ടർ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻ്റ്, അക്കൗണ്ട്സ് ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പേഴ്സണൽ അസിസ്റ്റൻ്റ്, നൂൺമീൽ സൂപ്രവൈസർ, സീനിയർ സൂപ്രണ്ടുമാർ എന്നിവർക്കുള്ള പരിശീലനം** | | | | | |
| | 4 ദിവസം<br>3 ദിവസം- അടിസ്താന പരിശീലനം 1 ദിവസം- ഇൻ്റർനെറ്റ് പരിശീലനം | മിനിസ്റ്റീരിയൽ ജീവനക്കാർക്കുള്ള ഐ ടി പരിശീലനമൊഡ്യൂൾ | ഒന്നാം ഘട്ടം 2010 മെയ് ആദ്യവാരം | എം.ടി/ എസ്.ഐ.ടി.സി | വിദ്യാഭ്യാസഉപഡയറക്ടർ ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻ്റ്, അക്കൗണ്ട്സ് ഓഫീസർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ പേഴ്സണൽ അസിസ്റ്റൻ്റ്, നൂൺമീൽ സൂപ്രവൈസർ, സീനിയർ സൂപ്രണ്ടുമാർ | ഡി.ഡി.ഇ/അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻ്റ് -ഡ. ഡി. ഇ. |
| 10 | **10. ചിത്രകലാ അദ്ധ്യാപകർക്കുള്ള ഐ ടി പരിശീലനം** | | | | | |
| | 6 ദിവസം | ചിത്രകലാ അദ്ധ്യാപകർക്കുള്ള ഐ ടി പരിശീലനമൊഡ്യൂൾ | 2010 ഓഗസ്റ്റ് മാസത്തിൽ | പ്രത്യേക പരിശീലകർ | ചിത്രകലാ അദ്ധ്യാപകർ | ജില്ലാ കോർഡിനേറ്റർ (ഐ.ടി.എസ്) |

| ക്രമനമ്പർ | പരിശീലന ദൈർഘ്യം | ഉപയോഗിക്കേണ്ട മൊഡ്യൂൾ | പരിശീലനം നടത്തേണ്ട കാലയളവ് | പരിശീലകർ | പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ | മോണിറ്ററിംഗ് ചുമതല |
|---|---|---|---|---|---|---|
| | **11. കാഴ്ചശക്തി കുറഞ്ഞ അദ്ധ്യാപകർക്കുള്ള പ്രത്യേക പരിശീലനം** | | | | | |
| 11 | 5 ദിവസം | കാഴ്ചശക്തി കുറഞ്ഞ അദ്ധ്യാപകർക്കുള്ള ഐ സി ടി മൊഡ്യൂൾ | 2010 ജൂലൈയിൽ പൂർത്തിയാക്കണം | പ്രത്യേക പരിശീലകർ (ഇൻസൈറ്റ്) | കാഴ്ചശക്തി കുറഞ്ഞ അദ്ധ്യാപകർ | ജില്ലാ കോർഡിനേറ്റർ (ഐ.ടി.എസ്) |
| | **12. ശാസ്ത്ര മാനവിക വിഷങ്ങളുടെ പ്രത്യേക ഐ ടി അധിഷ്ഠിത പരിശീലനം** | | | | | |
| 12 | 1 ദിവസം | പ്രത്യേക മൊഡ്യൂൾ (അധ്യാപക തുടർ പരിശീലനപ്രവർത്തന ങ്ങളോടൊപ്പം) | (അധ്യാപക തുടർ പരിശീലനപ്രവർത്തന ങ്ങളോടൊപ്പം) | എം.ടി/ എസ്.ഐ.ടി.സി / പ്രത്യേക പരിശീലകർ | ഹൈസ്കൂൾ ശാസ്ത്ര മാനവിക വിഷങ്ങളുടെ അദ്ധ്യാപകർ | ജില്ലാ വിദ്യാഭ്യാസ ഓഫീസർ |
| | **13. ഇംഗ്ലീഷ് അദ്ധ്യാപകർക്കുള്ള പ്രത്യേക പരിശീലനം** | | | | | |
| 13 | 2 ദിവസം | പ്രത്യേക മൊഡ്യൂൾ (അധ്യാപക തുടർ പരിശീലനപ്രവർത്തന ങ്ങളോടൊപ്പം) | (അധ്യാപക തുടർ പരിശീലനപ്രവർത്തന ങ്ങളോടൊപ്പം) | എം.ടി/ എസ്.ഐ.ടി.സി / പ്രത്യേക പരിശീലകർ | ഹൈസ്കൂൾ ഇംഗ്ലീഷ് അദ്ധ്യാപകർ | ജില്ലാ വിദ്യാഭ്യാസ ഓഫീസർ |
| | **14. കുട്ടികൾക്കുള്ള പ്രത്യേക ഇന്റർനെറ്റ്, ഗ്രാഫിക് പാക്കേജ് പരിശീലനം** | | | | | |
| 14 | 20 മണിക്കൂർ | ഹൈസ്കൂൾ കുട്ടികളുടെ ഐ സി ടി പരിശീലന മൊഡ്യൂൾ | 2010 ഏപ്രിൽ, മെയ് | എം.ടി/ എസ്.ഐ.ടി.സി | ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന താൽപര്യമുള്ള കുട്ടികൾ | ജില്ലാ കോർഡിനേറ്റർ (ഐ.ടി.എസ്) |
| | **പങ്കെടുക്കുന്ന കുട്ടകൾക്ക് ഉച്ചഭക്ഷണം, സർട്ടിഫിക്കറ്റ് എന്നിവ നൽകാവുന്നതാണ്* | | | | | |
| | **15. 5 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾക്കുള്ള പ്രത്യേക ഗ്രാഫിക് പാക്കേജ, ഇന്റർനെറ്റ് പരിശീലനം** | | | | | |
| 15 | 20 മണിക്കൂർ | അപ്പർ പ്രൈമറി കുട്ടികളുടെ ഐ സി ടി പരിശീലന മൊഡ്യൂൾ | 2010 ഏപ്രിൽ, മെയ് | എം.ടി/ എസ്.ഐ.ടി.സി | 5 മുതൽ 7 വരെ ക്ലാസുകളിലെ കുട്ടികൾ | ജില്ലാ കോർഡിനേറ്റർ (ഐ.ടി.എസ്) |
| | ** പങ്കെടുക്കുന്ന കുട്ടകൾക്ക് ഉച്ചഭക്ഷണം, സർട്ടിഫിക്കറ്റ് എന്നിവ നൽകാവുന്നതാണ്* | | | | | |

| ക്രമനമ്പർ | പരിശീലന ദൈർഘ്യം | ഉപയോഗിക്കേണ്ട മൊഡ്യൂൾ | പരിശീലനം നടത്തേണ്ട കാലയളവ് | പരിശീലകർ | പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ | മോണിറ്ററിംഗ് ചുമതല |
|---|---|---|---|---|---|---|
| 16 | **സ്കൂൾ സ്റ്റുഡന്റ് ഐ.ടി കോർഡിനേറ്റർക്കുള്ള പരിശീലനം** | | | | | |
| | 4 ദിവസം | സ്കൂൾ സ്റ്റുഡന്റ് ഐ.ടി കോർഡിനേറ്റർമാർക്കുള്ള മൊഡ്യൂൾ | 2010 ജൂൺ മുതൽ | മഎം.ടി/ എസ്.ഐ.ടി.സി | ഹൈസ്കൂൾ ക്ലാസുകളിലെ കുട്ടികൾ | ഡി.ഇ.ഒ<br>ജില്ലാ കോർഡിനേറ്റർ |
| 17 | **ഒന്ന് മുതൽ നാല് വരെ ക്ലാസുകളിലെ കുട്ടികൾക്കുള്ള പ്രത്യേക പരിശീലനം** | | | | | |
| | 10 മണിക്കൂർ | ലോവർ പ്രൈമറി കുട്ടികളുടെ ഐ സി ടി പരിശീലന മൊഡ്യൂൾ | 2010 ഏപ്രിൽ, മെയ് | എം.ടി/ എസ്.ഐ.ടി.സി | ഒന്ന് മുതൽ നാല് വരെ ക്ലാസുകളിലെ കുട്ടികൾ | ജില്ലാ കോർഡിനേറ്റർ (ഐ.ടി.എസ്) |
| | ** പങ്കെടുക്കുന്ന കുട്ടകൾക്ക് ഉച്ചഭക്ഷണം, സർട്ടിഫിക്കറ്റ് എന്നിവ നൽകാവുന്നതാണ്* | | | | | |

# Annexure II

| | | |
|---|---|---|
| Name of Training | : | |
| Name of Training Center | : | |
| Date of Training | : | |
| Number of Days | : | |
| Name and Address & Ph. No. of Resource Persons | : | 1. |
| | : | 2. |
| | : | |

## Details of Participants

| **Sl. No** | **Name of Participants'** | **Designation** | **Address** | **Remarks** |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

Place

Date

District Coordinator

# Annexure III

| | | |
|---|---|---|
| Name of Training | : | |
| Name of Training Center | : | |
| Date of Training | : | |
| Number of Days | : | |
| Total Number of Participants who completed Training. | : | |
| Total Amount disbursed as TA/DA/Honorarium | : | Rs. |
| Total Amount disbursed as contingency charge to center | : | Rs. |
| Name and Address of Resource Persons | : | 1. |
| | : | 2. |

Place

Date

District Coordinator